**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 665** **02-02-2023 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക ആവശ്യങ്ങൾക്കായി മണ്ണെടുക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക ആവശ്യങ്ങൾക്കായി മണ്ണെടുക്കുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമില്ലെന്ന ഉത്തരവുകളോ കേന്ദ്ര നിർദ്ദേശങ്ങളോ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | വ്യാവസായിക ആവശ്യത്തിനായി മണ്ണെടുക്കുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമില്ല എന്ന ഉത്തരവൊന്നും നിലവിലില്ല. |
| (ബി) | ഇത്തരത്തിൽ പാരിസ്ഥിതികാനുമതി ആവശ്യമില്ലാതെ അനിയന്ത്രിതമായി മണ്ണെടുത്താൽ ഉണ്ടാകുന്ന ഗുരുതര പ്രത്യാഘാതങ്ങളെ തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചുമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമാനുസൃതം മണ്ണെടുക്കുന്നതിന് അനുമതി നൽകി വരുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിക്കുന്നുണ്ട്. |
| (സി) | അനിയന്ത്രിതമായി മണ്ണെടുക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ? | (സി) | 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചുമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമാനുസൃതം മണ്ണെടുക്കുന്നതിന് അനുമതി നൽകി വരുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ